## പതിന്നാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2691 — 09-03-2017-ൽ മറുപടിയ്ക്ക്

**ഹരിപ്പാട് ഗവൺമെന്റ് ഐ.റ്റി.ഐ കെട്ടിടം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അൻവർ സാദത്ത്** | | **ശ്രീ. എ.കെ.ബാലൻ** (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി വകുപ്പിന് കീഴിലുള്ള ഹരിപ്പാട് ഗവൺമെന്റ് ഐ.റ്റി.ഐ കെട്ടിടം പണിപൂർത്തിയായി ട്ടുണ്ടോ; | എ) | പട്ടികജാതി വകുപ്പിന് കീഴിലുള്ള ഹരിപ്പാട് ഗവൺമെന്റ് ഐ.റ്റി.ഐ കെട്ടിടം പണിപൂർത്തിയായിട്ടുണ്ട്. |
| ബി) | പുതിയ കെട്ടിടത്തിലേക്ക് നിലവിലുള്ള ഐ.റ്റി.ഐ-യുടെ പ്രവർത്തനം മാറ്റാത്തതിന്റെ കാരണമെന്താണ്; | ബി) | കെട്ടിടത്തിന്റെ ഉദ്ഘാടനം 29.02.2016ൽ കഴിഞ്ഞെങ്കിലും മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും വൈകിയതുമൂലം കെട്ടിടം പ്രവർത്തന ക്ഷമമാക്കുവാൻ താമസമുണ്ടായി. 08/02/2017 മുതൽ ഐ.റ്റി.ഐയുടെ പ്രവർത്തനം പുതിയകെട്ടിടത്തിലേക്കു മാറ്റിയിട്ടുണ്ട്. |
| സി | നിലവിൽ വാടകയിനത്തിൽ പ്രതിമാസം എന്ത് തുകയാണ് ചെലവാക്കുന്നത്; | സി) | നിലവിൽ വാടകയിനത്തിൽ തുക ചെലവാക്കുന്നില്ല. |
| ഡി) | പുതിയ കെട്ടിടം പൂർത്തിയ്ക്കിയ ശേഷം നിലവിലുള്ള വാടക കെട്ടിടത്തിന് എത്ര രൂപ വാടകയിനത്തിൽ ചെലവഴിച്ചു; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ; | ഡി) | വാടകയിനത്തിൽ 01/03/2016 മുതൽ 07/02/2017 വരെ 78,739/-രൂപ ചെലവഴിച്ചു. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | ഐ.റ്റി.ഐ-യുടെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേക്ക് അടിയന്തിരമായി മാറ്റുമോ? | ഇ) | പുതിയ കെട്ടിടത്തിലാണ് ഐ.റ്റി.ഐ ഇപ്പോൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ